**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2815

20/03/2015 ൽ
മറുപടിയ്ക്ക്

**ചാലക്കുടി താലൂക്കിലെ പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവർക്ക് പട്ടയം**

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

എ) ചാലക്കുടി താലൂക്കിലെ വിവിധ വില്ലേജുകളിലുള്ള പുറമ്പോക്ക് വഴി/റോഡ്, പി,ഡബ്ല്യൂ. റോഡ്, കോട്ട, തോട്/കനാൽ, തരിശ്, കന്നുകാലി മേച്ചിൽ സ്ഥലം, വില്ലേജ് റിസർവ്, ട്രാംവേ, കുളം, പാറ തുടങ്ങിയ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

എ) 1) <u>പുറമ്പോക്ക് വഴി/റോഡ്</u> പുറമ്പോക്ക് ഭൂമികൾ പതിച്ച് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും, വിവിധ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും കോർപ്പറേഷൻ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>2)പൊതുമരാമത്ത് വകുപ്പ് റോഡ്</u>-നിലവിൽ പൊതുമരാമത്ത് (റോഡ്) വകുപ്പുമായി ബന്ധപ്പെട്ട സർക്കുലർ നിലനിൽക്കുന്നതിനാൽ പ്രസ്തുത വകുപ്പിൽ നിന്ന് ഇത്തരം കേസുകളിൽ NOC ലഭ്യമാകുന്നില്ല

<u>3)കോട്ട</u>-ഇത്തരം കേസുകളിൽ പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ച കേസുകളിൽ പ്രൊപ്പോസൽ തയ്യാറാക്കി നടപടികൾ സ്വീകരിച്ച് വരുന്നു. ഏതാനും കേസുകളിൽ നിയമപ്രകാരം അനുവദിക്കുവാൻ സാധിക്കുകയില്ലെന്ന് കണ്ട് നിരസിച്ചിട്ടുണ്ട്.

<u>4)ഇറിഗേഷൻ വകുപ്പിന്റെ കനാൽ പുറമ്പോക്ക്:</u> ഉൾപ്പെട്ട മുഴുവൻ പട്ടയ കേസുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വകുപ്പിന്റെ എൻ.ഒ.സി ലഭിച്ചിട്ടില്ല.

<u>5) തരിശ്/വില്ലേജ് റിസർവ്/പാറ:</u> പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കേസുകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

6)ട്രാംവേ പുറമ്പോക്ക് :സർവെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള സ്ഥലപരിശോധനകൾ നടത്തി വരുന്നു.

7)കുളം, ചിറ പുറമ്പോക്കുകൾ: നിലവിലുള്ള നിയമപ്രകാരം പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

ബി) കന്നുകാലി മേച്ചിൽ സ്ഥലം പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് നൽകാത്തതിനാൽ അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി ആയത് പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവിറക്കുന്നതിനും വനഭൂമിയുടെ സമീപമുള്ള വില്ലേജുകളെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെ എ രജിസ്റ്ററിൽ വനഭൂമി എന്നും ബി രജിസ്റ്ററിൽ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസ്സുകളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ഗസറ്റ് വിജ്ഞാപനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വനഭൂമിയുടെ സമീപമുള്ള വില്ലേജുകളിൽ അധിഷ്ഠാന ഭൂനികുതി രജിസ്റ്ററിന്റെ എ രജിസ്റ്ററിൽ വനഭൂമി എന്നും ബി രജിസ്റ്ററിൽ പുറമ്പോക്ക് എന്നും രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ അത്തരം ഭൂമികളുടെ സർവെ നമ്പറുകൾ പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ തഹസിൽദാർ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ